# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2154 16.08.2017- ൽ മറുപടിക്ക്**

## കൈത്തറി മേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഓണവുമായി ബന്ധപ്പെട്ട് കൈത്തറി മേഖലയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത് എന്നറിയിക്കുമോ; | (എ) ഓണവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ സംഘടിപ്പിക്കുന്ന എക്സ്പോകളിൽ കൈത്തറി ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി സ്റ്റാളുകൾ സജ്ജീകരിക്കുന്നതിന് ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൈത്തറി ഉൽപന്നങ്ങൾക്കായി സംസ്ഥാനത്താകെ 206 സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്. ഈ ഓണക്കാലത്തെ കൈത്തറി വസ്ത്രങ്ങളുടെ വിൽപനയ്ക്ക് 20% റിബേറ്റും സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മേഖലയുടെ വികസനത്തിനായി മുൻ സർക്കാരിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ; | (ബി) പരമ്പരാഗത കൈത്തറി മേഖലയുടെ പാരമ്പര്യവും പ്രൗഢിയും നിലനിർത്താൻ, ആ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് മാന്യമായ കൂലിയും സ്ഥിരമായ തൊഴിലും ഉറപ്പാക്കുവാനായി നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. തറി സ്വന്തമായി ഇല്ലാത്ത നെയ്ത്തുകാർക്ക് തറി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, നെയ്ത്തുകാർ കൂടുതലുള്ള ജില്ലകളിൽ ഡിസൈനേഴ്സിനെ നിയമിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനവും സംരക്ഷണവും മുൻനിർത്തി ജനങ്ങൾക്ക് കൂടുതൽ ഉല്പന്നങ്ങൾ എത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) കൈത്തറി ഉൽപന്നങ്ങളുടെ വിപണനത്തിനായി ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, മറ്റു പ്രാദേശിക ഉത്സവങ്ങൾ എന്നീ അവസരങ്ങളിൽ കൈത്തറി എക്സ്പോകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ വർഷം ഓണത്തോടനുബന്ധിച്ച് 206 സ്റ്റാളുകളിലൂടെ കൈത്തറിമേഖലയിൽ ഉത്പാദിപ്പിച്ചെടുത്ത ഏകദേശം 70 കോടി രൂപയുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**